# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 സെപ്റ്റംബർ 25

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

മഹാത്മാ ഗാന്ധി സർവകലാശാല ഒക്ടോബർ/നവംബർ മാസങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന യു.ജി. (സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്.), പി.ജി. (സി.എസ്.എസ്.) റഗുലർ പരീക്ഷകൾ പുനഃക്രമീകരിച്ചു. അഞ്ചാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഒക്ടോബർ 22നും മൂന്നാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഒക്ടോബർ 23നും ഒന്നാം സെമസ്റ്റർ യു.ജി. പരീക്ഷകളും ഒന്നാം സെമസ്റ്റർ പി.ജി. പരീക്ഷകളും നവംബർ നാലിനും മൂന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾ നവംബർ അഞ്ചിനും നടത്തുന്നതിനായി പുനഃക്രമീകരിച്ചു. നവംബർ 18 മുതൽ 29 വരെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നടക്കും.

(പി.ആർ.ഒ./39/1722/2019)

## വൈവാവോസി

ഇടക്കൊച്ചി ആവില കോളേജ് ഓഫ് എജ്യൂക്കേഷൻ, പൂത്തോട്ട എസ്.എ.എം. കോളേജ് ഓഫ് എജ്യൂക്കേഷൻ, മൈലകൊമ്പ് സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ, മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ സെപ്റ്റംബർ 23ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എഡ്. ദ്വിവത്സര (2017 അഡ്മിഷൻ റഗുലർ/2016, 2015 അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ വൈവാവോസി സെപ്റ്റംബർ 30ന് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റും തീസിസിന്റെ രണ്ടു പകർപ്പുകളുമായി എത്തണം.

(പി.ആർ.ഒ./39/1723/2019)

## പരീക്ഷാഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.കോം. (സി.എസ്.എസ്. റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ ഒൻപതുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1724/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1725/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1726/2019)

2018 ഡിസംബറിൽ നടന്ന ആറാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ ഒൻപതുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1727/2019)

2019 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ്/മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (നോൺ സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ ഒൻപതുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1728/2019)

## സൗജന്യ സഹകരണബാങ്ക് ക്ലർക്ക് പരീക്ഷ പരിശീലനം

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക്, സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലർക്ക്/സെക്രട്ടറി തസ്തികകളിലേക്ക് നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കുള്ള സൗജന്യ തീവ്രപരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/1729/2019)

## എം.ജി.യിൽ രാജ്യാന്തര ആംഗ്യഭാഷാ ദിനാചരണം ഇന്ന് (സെപ്തംബർ 26)

മഹാത്മാ ഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിംഗ് ഡിസെബിലിറ്റിയുടെയും ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്ന് (സെപ്തംബർ 26) രാജ്യാന്തര ആംഗ്യഭാഷാ ദിനാചരണം നടക്കും. രാവിലെ 10ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കുന്ന ദിനാചരണം സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉദ്ഘാടനം ചെയ്യും. കേൾവി ഉപകരണങ്ങളുടെ വിതരണം സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് നിർവഹിക്കും. അധ്യാപികയായ സുല്യ എ. നൗഷാദ് ആംഗ്യഭാഷ ദിനാചരണ സന്ദേശം നൽകും. എം.എം. അനഘ, നജിയ, ശ്രീജി ഷാജി, റമീസ റഹ്മാൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് ഡയറക്ടർ പ്രൊഫ. എം. രാജീവ് കുമാർ, ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ. എം. മുസ്തഫ എന്നിവർ പങ്കെടുക്കും. ആംഗ്യഭാഷ സംബന്ധിച്ച വീഡിയോ പ്രദർശനവും നടക്കും.

(പി.ആർ.ഒ./39/1730/2019)

## എൻ.എസ്.എസ്. യൂണിറ്റ് ഉദ്ഘാടനവും സുവർണജൂബിലി ദിനാഘോഷവും

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ ഉദ്ഘാടനവും എൻ.എസ്.എസ്. സുവർണജൂബിലി ദിനാഘോഷവും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സെമിനാർ ഹാളിൽ നടന്നു. സർവകലാശാലയിലെ പ്രഥമ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സി. തോമസ് എബ്രഹാം, നാൽപ്പാത്തിമല പങ്കാളിത്ത ഗ്രാമത്തിലെ മുതിർന്ന അംഗം ത്രേസ്യാമ്മ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. സർവകലാശാല എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, ഡോ. ബിജു ലക്ഷ്മണൻ, അനുമോൾ ഔസേഫ് എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ എൻ.എസ്.എസ്. യൂണിറ്റ്, എൻ.എസ്.എസ്. സുവർണജൂബിലി ദിനാഘോഷം എന്നിവയുടെ ഉദ്ഘാടനം സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സെമിനാർ ഹാളിൽ സർവകലാശാലയിലെ പ്രഥമ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സി. തോമസ് എബ്രഹാം, നാൽപാത്തിമല പങ്കാളിത്ത ഗ്രാമത്തിലെ മുതിർന്ന അംഗം ത്രേസ്യാമ്മ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ ചേർന്ന് നിർവഹിക്കുന്നു**

(പി.ആർ.ഒ./39/1731/2019)

## പി.ജി. ചോദ്യബാങ്ക് തയാറാക്കൽ; അധ്യാപകർക്ക് പരിശീലനം നൽകി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ ചോദ്യബാങ്ക് തയാറാക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് പരിശീലനം നൽകി. ഓൺലൈനിലൂടെ ചോദ്യങ്ങൾ ചോദ്യബാങ്കിലേക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പരിശീലന

പരിപാടിയിൽ സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് മുഖ്യപ്രഭാഷണം നടത്തി. പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ എ. ജോൺ എന്നിവർ പ്രസംഗിച്ചു. ചോദ്യബാങ്കിലേക്ക് ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനെ സംബന്ധിച്ച് ഐ.പി.എസ്.ആർ. സൊല്യൂഷൻസ് സി.ഇ.ഒ. ഡോ. മെൻഡസ് ജേക്കബ് ക്ലാസെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ ചോദ്യബാങ്ക് തയാറാക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകർക്കുള്ള പരിശീലന പരിപാടിയിൽ ഐ.പി.എസ്.ആർ. സൊല്യൂഷൻസ് സി.ഇ.ഒ. ഡോ. മെൻഡസ് ജേക്കബ് ക്ലാസെടുക്കുന്നു**

(പി.ആർ.ഒ./39/1732/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ